പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നം.എൻ.എം(1)/38572/13 തിരുവനന്തപുരം, തീയതി : 18.07.13

സർക്കുലർ

വിഷയം: പൊ.വി. - സ്ക്കൂൾ ഉച്ചഭക്ഷണ വിതരണം ശുചിത്വപൂർണ്ണമാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

സൂചന: ഈ ഓഫീസിലെ 30.05.13-ലെ ഇതേ നമ്പർ സർക്കുലർ

* * * * *

സ്ക്കൂൾ ഉച്ചഭക്ഷണപദ്ധതിപ്രകാരം കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ട ശുചിത്വത്തെകുറിച്ച് സൂചനപ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ബീഹാറിലെ സർക്കാർ പ്രൈമറി സ്ക്കൂളിൽ ഉച്ചഭക്ഷണത്തിൽനിന്ന് വിഷാണുബാധയേറ്റ് 22 കുട്ടികൾ മരിക്കാനിടയായ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ഉച്ചഭക്ഷണവിതരണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഉച്ചഭക്ഷണ വിതരണത്തിന് മേൽനോട്ടം വഹിക്കുന്ന പ്രഥമാദ്ധ്യാപകർ, അദ്ധ്യാപകർ, നൂൺഫീഡിംഗ് കമ്മിറ്റിയംഗങ്ങൾ, ജില്ല/സബ്ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവരുടെ സത്വരശ്രദ്ധയ്ക്കായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ആഹാര സാധനങ്ങൾ പാചകം ചെയ്യുന്നതിനു മുൻപ് അവ കേടുവരാത്തതും വൃത്തിയുള്ളതുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. ധാന്യങ്ങൾ പാചകം ചെയ്യുന്നതിനുമുൻപ് അവ ചൂടുവെള്ളത്തിൽ വൃത്തിയായി കഴുകേണ്ടതാണ്. കൂടാതെ പച്ചക്കറികളും ഫലവർഗ്ഗങ്ങളും വെള്ളത്തിൽ കൂടുതൽ പ്രാവശ്യം കഴുകിയതിനുശേഷംമാത്രം ഉപയോഗിക്കേണ്ടതാണ്.
3. കുട്ടികൾക്ക് കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കണം.
4. അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കണം.
5. സ്ക്കൂൾ പാചകതൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തണം.
6. സ്ക്കൂൾ ഉച്ചഭക്ഷണത്തിന് പാചകം ചെയ്തിട്ടുള്ള ആഹാരം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനു മുൻപ് സ്ക്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയംഗങ്ങൾ പരിശോധിച്ച് അവ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ശുചിത്വമാർന്ന ഭക്ഷണം നൽകുന്നതിന്റെ ഉത്തരവാദിത്വം പ്രഥമാദ്ധ്യാപകന്റേയും ഉച്ചഭക്ഷണ കമ്മിറ്റിയുടെയും പൂർണ്ണ ചുമതലയിലായിരിക്കും.
7. ജില്ല/സബ്ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽപെട്ട സ്ക്കൂളുകളിൽ പരിശോധന നടത്തി ഭക്ഷണ പദാർത്ഥങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്.
8. ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി സ്ക്കൂൾ, ഉപജില്ല, ജില്ല തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള വിവിധ കമ്മറ്റികൾ അടിയന്തിരമായി കൂടേണ്ടതും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ക്രോഡീകരിച്ച റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ മാസവും അയച്ചുതരേണ്ടതാണ്.

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ നൂൺഫീഡിംഗ് ഓഫീസർമാർക്കും
എല്ലാ പ്രധാനാദ്ധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)